**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1006** **10-08-2023 - ൽ മറുപടിയ്ക്ക്**

**ശമ്പള പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ വനം വകുപ്പിലെ താത്കാലിക വാച്ചർമാർക്കും ആന പാപ്പാന്മാർക്കും മൂന്ന് മാസമായി ശമ്പളം ലഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വ്യക്തമാക്കാമോ; | (എ) | വയനാട് ജില്ലയിൽ വൈൽഡ് ലൈഫ് ഡിവിഷനിലെ വാച്ചർമാർക്കും ആന പാപ്പാന്മാർക്കും ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലെ വേതനം വിതരണം ചെയ്തിട്ടുണ്ട്. നോർത്ത് വയനാട് ഡിവിഷന് കീഴിൽ താൽക്കാലിക വാച്ചർമാർക്ക് വേതനം വൈകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് വേതനം നൽകുന്നതിന് കാലതാമസം നേരിട്ടത്. ഫണ്ട് ലഭ്യമായ ശീർഷകങ്ങളിൽ വേതനം നൽകിയിട്ടുണ്ട്. എന്നാൽ ഫണ്ട് ലഭ്യമല്ലാത്ത ശീർഷകങ്ങളിൽ ഏപ്രിൽ 2023 മുതലുള്ള വേതനം നൽകാനുണ്ട്. സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷനിൽ വാച്ചർമാരുടെ വേതനം പൂർണ്ണമായും നൽകിയിട്ടുണ്ട്. |
| (ബി) | വനത്തിനുള്ളിലെ ക്യാമ്പ് ഷെഡിലെ വാച്ചർമാർക്ക് അനുവദിച്ചിരുന്ന റേഷൻ വിതരണം നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പുന:രാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | വയനാട് ജില്ലയിൽ വൈൽഡ് ലൈഫ് ഡിവിഷനിൽ മാത്രമാണ് വനത്തിനുള്ളിലെ ക്യാമ്പ് ഷെഡിലെ വാച്ചർമാർക്ക് അനുവദിച്ചിരുന്ന റേഷൻ വിതരണം താൽക്കാലികമായി നിലച്ചത്. ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ആദിവാസി വിഭാഗത്തിൽപ്പെട്ട താത്കാലിക വാച്ചർമാർക്കും ആന പാപ്പാന്മാർക്കും ശമ്പളം ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ശമ്പളം ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ